# കേരളീയ നവോത്ഥാനത്തിലെ വിസ്മരിക്കപ്പെട്ട മുസ്‌ലിംപത്രാധിപ: എം.ഹലീമാബീവിയുടെ ജീവചരിത്രത്തെ മുൻനിർത്തി ഒരുപഠനം.

**സ്വാലിഹ പി. എ.**
പഴങ്ങാട് ഹൌസ്,
അഴീക്കോട് പി.ഒ. കൊടുങ്ങല്ലൂർ
Email: swalihakareem22@gmail.com

**സംഗ്രഹം**

പത്തൊൻപതാംനൂറ്റാണ്ടിന്റെ അവസാനത്തിലും ഇരുപതാംനൂറ്റാണ്ടിന്റെ തുടക്കത്തിലുമായി കേരളത്തിൽ ഉണ്ടായ സാംസ്കാരികവും മതപരവുമായ പരിഷ്കരണ പ്രവർത്തനങ്ങളെ നവോത്ഥാനം എന്ന പേരിൽ പൊതുവായി വിവരിക്കുന്നു. സമൂഹത്തിൽ നിലനിൽക്കുന്ന ജാതിവ്യവസ്ഥ, തൊട്ടുകൂടായ്മ തുടങ്ങിയ അനാചാരങ്ങളെയും ചില വാർപ്പുമാതൃകകളെയും കാലാനുസൃതമായി പരിഷ്കരിക്കുക എന്ന ശ്രമമായിരുന്നു ഇതിനുപുറകിൽ ഉണ്ടായിരുന്നത്. പലവിധ മേഖലകളിലും വ്യത്യസ്തങ്ങളായ മത-സമുദായങ്ങളിലും എല്ലാം ഇതിന്റെ അലയൊലികൾ ഉണ്ടായിരുന്നു. ശ്രീ നാരായണഗുരു, ചട്ടമ്പിസ്വാമികൾ, വക്കംമൗലവി, പൊയ്കയിൽ അപ്പച്ചൻ തുടങ്ങി ധാരാളം വ്യക്തികളെ ഇതിന്റെ വക്താക്കളായി നമ്മുടെ ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. ക്ഷേത്രപ്രവേശനം, സ്ത്രീവിദ്യാഭ്യാസം, സാർവത്രിക വിദ്യാഭ്യാസം തുടങ്ങിയ മാറ്റങ്ങൾ ഇതിന്റെ ഭാഗമായി ഉണ്ടായെങ്കിലും, നമ്മുടെ പൊതുചരിത്രത്തിൽ എവിടെയും ഇതിന്റെ ഭാഗമായി നിന്ന സ്ത്രീകളുടെ പേരുകൾ പരാമർശിക്കപ്പെട്ടു കാണാറില്ല എന്നതാണ് വാസ്തവം. മതം - ലിംഗം - പ്രദേശം തുടങ്ങി ഒട്ടേറെ ഘടകങ്ങൾ നമ്മുടെ ചരിത്രരചനയെ, പൊതുബോധത്തെയൊക്കെ സ്വാധീനിക്കാറുണ്ട്. ഇതിന്റെ ഏറ്റവും മികച്ച ഉദാഹരണമാണ് കേരളത്തിലെ തന്നെ ആദ്യത്തെ മുസ്ലിംപത്രാധിപയും രാഷ്ട്രീയ സാമൂഹിക വിദ്യാഭ്യാസ പ്രവർത്തകയുമായിരുന്ന എം.ഹലീമാബീവിയുടെ ചരിത്രം നമ്മുടെ പൊതുചരിത്രത്തിൽ നിന്ന് മറയ്ക്കപ്പെട്ടത്. കേരളത്തിലെ മൂന്ന് വനിതാആനുകാലികങ്ങളുടെയും ഒരു പൊതുമാസികയുടെയും ഉടമസ്ഥയായിരുന്ന, ഭാരതചന്ദ്രിക എന്ന ദിനപത്രം നടത്തിയിരുന്ന ഹലീമാബീവിയുടെ പേര് പോലും കേരളത്തിലെ മാധ്യമചരിത്രത്തിലോ നവോത്ഥാനചരിത്രത്തിലോ നമുക്ക് കാണാൻ കഴിയില്ല. മുസ്ലിംസ്ത്രീകളുടെ വിമോചനത്തിനായി നിരന്തരം പൊരുതിയ, ഭരണാധികാരികളുടെ അന്യായങ്ങളോട് കലഹിച്ച ഹലീമാബീവി

അത്ഭുതകരമാംവിധം ആർജവവും നിലപാടും ധിഷണയും നേതൃഗുണവും പ്രകടിപ്പിച്ച വനിതയാണ്. നവോത്ഥാനവും സ്ത്രീവിമോചനവും സജീവമായ വർത്തമാനകാലത്ത് ഈ രണ്ടു കാര്യത്തിലും മുമ്പേ സഞ്ചരിച്ച ഹലീമാബീവിയെ ഓർത്തെടുക്കേണ്ടത് കാലത്തിന്റെ അനിവാര്യതയാണ്. ഹലീമാബീവിയുടെ ജീവചരിത്രത്തെ മുൻനിർത്തി അവരുടെ സാമൂഹിക സാംസ്കാരിക ജീവിതവും സംഭാവനകളും കേരളചരിത്രത്തിൽ അവർക്ക് നൽകിയ സ്ഥാനവും കണ്ടെത്താനുള്ള ശ്രമമാണീ പ്രബന്ധം.

**താക്കോൽവാക്കുകൾ:** കേരളീയനവോത്ഥാനം, സാംസ്കാരികചരിത്രം, മുസ്ലീംസ്ത്രീ ധൈഷണികത.

**ആമുഖം**

മതവും ലിംഗവും പ്രദേശവുമെല്ലാം ചരിത്രരചനയിൽ വലിയ സ്വാധീനം ചെലുത്താറുണ്ട്. ആ സ്വാധീനത്തിന്റെ ഫലമായി ചരിത്രം ആധികാരികമായി രേഖപ്പെടുത്താതെ, പല വസ്തുതകളെയും മനഃപൂർവമോ അല്ലാതെയോ ഒഴിവാക്കുന്ന പ്രവണതയും കുറവല്ല. കേരളത്തിന്റെ നവോത്ഥാന ചരിത്രം പരിശോധിച്ചാൽ ഇത് കൂടുതൽ വ്യക്തമാകും. സ്വതന്ത്ര്യസമരപോരാട്ടങ്ങളിലും സാമൂഹിക പരിഷ്കരണ സമരങ്ങളിലുമെല്ലാമായി രേഖപ്പെടുത്തിവെച്ചിട്ടുള്ളത് പുരുഷന്മാരുടെ ചരിത്രമാണ്. ആ പോരാട്ടങ്ങളുടെയെല്ലാം അരങ്ങിലും അണിയറയിലുമായി പ്രവർത്തിച്ച പല സ്ത്രീകളുടെയും പേരുപോലും രേഖപ്പെടുത്തപ്പെട്ടിട്ടില്ല എന്നത് വസ്തുതയാണ്. അത്തരത്തിൽ തമസ്കരിക്കപ്പെട്ടു പോയ ചരിത്രസത്യങ്ങളെ വീണ്ടെടുക്കാനെന്നോണം ഒരുപാട് അന്വേഷണങ്ങളും പഠനങ്ങളും സമകാലികമായി നടക്കുന്നുണ്ട്. ആ പഠനങ്ങളിൽ നിന്നും തെളിച്ചെടുത്തതാണ് കേരളത്തിലെ ആദ്യത്തെ പത്രാധിപയും മുസ്ലിംസമുദായ നവോത്ഥാന നായികയും രാഷ്ട്രീയപ്രവർത്തകയുമായ ഹലീമാബീവിയുടെ ചരിത്രവും.

**കേരളീയനവോത്ഥാനം**

പത്തൊമ്പതാം നൂറ്റാണ്ടിൽ മിഷണറിമാരുടെ പ്രവർത്തനത്തോടു കൂടിയാണ് കേരളത്തിലെ നവോത്ഥാനപ്രവർത്തനങ്ങൾക്കു തുടക്കമാകുന്നത്. ബഹുമുഖ മേഖലകളെ അഭിസംബോധന ചെയ്യുന്നതായിരുന്നു കേരളനവോത്ഥാനം. സാമൂഹികവും സാംസ്കാരികവും സാമുദായികവുമായ നിരവധി ഘടകങ്ങളുമായി അവ ബന്ധപ്പെട്ടു കിടക്കുന്നു. അന്നത്തെ കേരളത്തിലെ സാമൂഹ്യ ജീവിതത്തിൽ വലിയ തോതിലുള്ള മാറ്റങ്ങൾക്ക് ഇത് തുടക്കമിട്ടു. ആചാരപരിഷ്കരണം, അയിത്തോച്ചാടനം, സ്ത്രീകളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുക, ക്ഷേത്രപ്രവേശനം, ജാതി മത വ്യത്യാസമില്ലാതെ എല്ലാവർക്കും വിദ്യാഭ്യാസം ലഭ്യമാക്കുക തുടങ്ങി നിരവധി ഘടകങ്ങൾ ഈ നവോത്ഥാന പ്രക്രിയയുടെ ഭാഗമായിരുന്നു. ശ്രീനാരായണഗുരു, അയ്യങ്കാളി, വക്കം അബ്ദുൽ ഖാദർമൗലവി, പൊയ്കയിൽ അപ്പച്ചൻ തുടങ്ങിയ ഒരുപാട് പേരെ നവോത്ഥാന നായകരായും സാമൂഹികപരിഷ്കർത്താക്കളായും ചരിത്രം അടയാളപ്പെടുത്തുന്നു. കലയിലും സാഹിത്യത്തിലും ഇതിന്റെ അലയൊലികൾ ഉണ്ടായിരുന്നു. നിലനിൽക്കുന്ന ഭരണകൂടത്തിന്റെ ആധിപത്യ പ്രവണതകൾക്കെതിരെയുള്ള പോരാട്ടവും ഇതിന്റെ ഭാഗമായിരുന്നു.

## നവോത്ഥാനവും സ്ത്രീകളും

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ നവോത്ഥാനപ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചുകൊണ്ട് പുറപ്പെട്ട ജനകീയകലാപങ്ങളിൽ പ്രധാനപ്പെട്ട ഒന്നായിരുന്ന ചാന്നാർ സ്ത്രീകൾ മാറുമറയ്ക്കാനുള്ള അവകാശത്തിന് വേണ്ടി നടത്തിയ സമരം. കേരളത്തിൽ മതപ്രചരണത്തിനായി എത്തിയ ക്രിസ്ത്യൻമിഷണറിമാരുടെ പ്രവർത്തനങ്ങളാണ് അതിന് പശ്ചാത്തലമൊരുക്കിയത് എങ്കിലും കേരളനവോത്ഥാനപോരാട്ടങ്ങളിലും പ്രക്രിയകളിലും സ്ത്രീകൾക്കുണ്ടായിരുന്ന പങ്കാളിത്തത്തെയും പ്രാധാന്യത്തെയും ഇത് അടയാളപ്പെടുത്തുന്നുണ്ട്. 'നവോത്ഥാനത്തിലെ സ്ത്രീമുന്നേറ്റങ്ങൾ' എന്ന പേരിൽ കേരള സംസ്ഥാന സാക്ഷരതമിഷൻ പുറത്തിറക്കിയ പുസ്തകത്തിൽ മുഖ്യധാരാ ചരിത്രം രേഖപ്പെടുത്താതെ വിട്ടുകളഞ്ഞ നവോത്ഥാനകാലത്തെ സ്ത്രീകളുടെ പോരാട്ടങ്ങളെ അടയാളപ്പെടുത്തുന്നുണ്ട്. അവർണർക്ക് സ്കൂൾവിദ്യാഭ്യാസം അനുവദിക്കുക, കർഷകത്തൊഴിലാളി സ്ത്രീകൾക്ക് വിശ്രമസമയം നൽകുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് അയ്യൻകാളിയുടെ ആഹ്വാനപ്രകാരം 1913-ൽ കർഷകത്തൊഴിലാളി സ്ത്രീകളുടെ നേതൃത്വത്തിൽ നടത്തിയ ആദ്യത്തെ പണിമുടക്ക്സമരം, ജാതിയിൽ താഴ്ന്നവരെന്നറിയപ്പെടുന്ന അവർണ്ണരും ആദിവാസികളും പരമ്പരാഗതമായി അടിമകളായി വിൽക്കപ്പെട്ടിരുന്നതും രക്ഷകർത്താക്കളും ബന്ധുക്കളും കുട്ടികളെ വിൽക്കാനായി ചന്തയിൽ കൊണ്ടുവന്നിരുന്നതുമായ ദുഷിച്ച കാലത്തെക്കുറിച്ചും അതിനെതിരെ സ്ത്രീകൾ നടത്തിയ ശക്തമായ മനുഷ്യാവകാശ പോരാട്ടങ്ങളെ തുടർന്ന് 1855 ൽ അടിമവ്യാപാരം നിരോധിച്ചതും, തിരണ്ടുകുളി, കെട്ടുകല്യാണം, പുളികുടി തുടങ്ങി സ്ത്രീകൾക്കെതിരെ നിലനിന്നിരുന്ന, മതത്തിലെ അനാചാരങ്ങൾക്കെതിരെ, സ്ത്രീകൾതന്നെ നടത്തിയ ചെറുത്തുനിൽപ്പുകളെ തുടർന്ന് പിൽക്കാലത്ത് അവ നിർത്തലാക്കപ്പെട്ടതും തുടങ്ങി സാമൂഹികവും സാമുദായികവുമായി സ്ത്രീകൾ നടത്തിയ മുന്നേറ്റങ്ങളെ രേഖപ്പെടുത്തുന്നു. ചാന്നാർലഹള, ഘോഷമറക്കുട ബഹിഷ്കരണം, കായൽസമ്മേളനം, കല്ലുമാല ബഹിഷ്കരണം, വൈക്കം സത്യാഗ്രഹം, പാലിയം സത്യാഗ്രഹം, യാചന യാത്രകൾ തുടങ്ങിയ ബഹുജന പങ്കാളിത്തസമരങ്ങളിൽ സ്ത്രീകൾ സജീവമായി പങ്കെടുത്തിരുന്ന എങ്കിലും സ്വന്തം പേരുകൾ ചരിത്രത്താളുകളിൽ രേഖപ്പെടുത്തപ്പെട്ട വനിതാ നവോത്ഥാനനായികമാർ കുറവാണ്. ജാതി ലിംഗ വിവേചനത്തിനെതിരെ പോരാടി ശ്രദ്ധേയയായ, ഡോക്ടർ അംബേദ്കർ നയിച്ച ഭരണഘടനാ നിർമ്മാണസമിതിയിലെ ഏക ദളിത്പ്രതിനിധി കൂടി ആയിരുന്ന ദാക്ഷായണിവേലായുധൻ, സ്വാതന്ത്ര്യസമരപോരാളിയും തിരുവിതാംകൂറിന്റെ ഝാൻസിറാണി എന്ന പേരിൽ വിശേഷിപ്പിക്കപ്പെടുന്ന, 1951ൽ ലോക്സഭയിലെത്തിയ കേരള എംപിമാരിലെ ഏകവനിതയുമായ ആനിമസ്ക്രീൻ, സാമൂഹ്യപ്രവർത്തക വനിതാ വിദ്യാഭ്യാസപ്രവർത്തക സാമുദായിക പരിഷ്കരണത്തിനായി പ്രവർത്തിച്ചവനിത എന്നീ നിലകളിൽ പ്രശസ്തയായതും അഗതിമാതാ എന്ന പേരിൽ അറിയപ്പെടുന്നതുമായ കെ. ചിന്നമ്മ, 1915ൽ അയ്യൻകാളിയുടെ നേതൃത്വത്തിൽ നടത്തിയ കല്ലുമാല വിപ്ലവത്തിന് അരങ്ങായി മാറിയ സർക്കസ് കൂടാരത്തിന്റെ ഉടമസ്ഥയായ രത്നാഭായി, സുഗുണ വർദ്ധിനി പ്രസ്ഥാനത്തിന്റെ അമരക്കാരിയായ ഡോക്ടർ ജാനകി അമ്മാൾ, കുമാരഗുരുദേവൻ സ്ഥാപിച്ച പ്രത്യക്ഷ രക്ഷാ ദൈവസഭ എന്ന ആത്മീയ സംഘടനയുടെ നേതൃത്വം 46 വർഷക്കാലത്തോളം ഏറ്റെടുത്തു നടത്തിയ ജാനമ്മ അമ്മച്ചി, കേരളത്തിലെ വിദ്യാഭ്യാസവിപ്ലവത്തിന് തുടക്കംകുറിച്ച അയ്യങ്കാളിയുടെ പഞ്ചമി, 1930കളിൽ

യോഗക്ഷേമസഭയുടെ പിന്തുണയിൽ ഘോഷ ഉപേക്ഷിച്ചും മറക്കുട വലിച്ചെറിഞ്ഞു നവോത്ഥാനത്തിന്റെ ഭാഗമായ നമ്പൂതിരിസ്ത്രീകൾ, ദേവകിനരിക്കാട്ടിരി, ലളിതാംബികഅന്തർജനം, പാർവതിനെന്മിനിമംഗലം, പാർവതി നിലയങ്ങോട് തുടങ്ങി നമ്പൂതിരിസമുദായത്തിൽ നിന്നും സാമൂഹ്യ പ്രവർത്തനരംഗത്തേക്ക് വന്ന നമ്പൂതിരിസ്ത്രീകൾ ഇവയെല്ലാം കേരളത്തിലെ നവോത്ഥാനനായികമാരുടെ കൂട്ടത്തിൽ രേഖപ്പെടുത്തപ്പെട്ട ചുരുക്കം ചില പേരുകളാണ്.

### മുസ്‌ലിംസമുദായവും കേരളനവോത്ഥാനവും

നവോത്ഥാനം എന്നുള്ളത് സാമുദായികപരിഷ്കരണവുമായി കൂടി ബന്ധപ്പെട്ട് കിടക്കുന്നതാണ്. ആ അർത്ഥത്തിൽ മുസ്ലിംസമുദായത്തിന്റെ പരിഷ്കരണവും ആധുനികീകരണവും കേരളനവോത്ഥാനത്തിന്റെ ഒരു ഭാഗം തന്നെയാണ്. കേരളത്തിലെ മുസ്ലീങ്ങളുടെ ആധുനികീകരണം ആരംഭിക്കുന്നത് ഐക്യസംഘത്തോടുകൂടിയാണ്. സയ്യിദ്സനാഉള്ളാ മക്തി തങ്ങൾ, ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി, ഷെയ്ഖ് ഹമദാനി, വക്കം മുഹമ്മദ് അബ്ദുൽഖാദർ മൗലവി തുടങ്ങിയവരുടെ പ്രബന്ധങ്ങളിൽ നിന്നും പ്രസംഗങ്ങളിൽ നിന്നും പ്രവർത്തനങ്ങളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് മണപ്പാട് കുഞ്ഞുമുഹമ്മദ് ഹാജി, കെഎം മൗലവി, ഇ കെ മൗലവി, എം സി സി അബ്ദുറഹിമാൻ മൗലവി, കോട്ടപ്പുറത്ത് സീതിമുഹമ്മദ്, കെ എം സീതിസാഹിബ് മുതലായവരുടെ നേതൃത്വത്തിൽ 1922-ൽ കൊടുങ്ങല്ലൂർ കേന്ദ്രമാക്കിയാണ് ഇത് ആരംഭിക്കുന്നത്. സമുദായത്തിനുള്ളിൽ കടന്നുകൂടിയ അനാചാരങ്ങളും അന്ധവിശ്വാസങ്ങളും തുടച്ചുനീക്കി യഥാർത്ഥ ഇസ്ലാമിന്റെ ആദർശം മുസ്ലീങ്ങൾക്കും ഇതര സമുദായക്കാർക്കും മനസ്സിലാക്കി കൊടുക്കാനുള്ള ദൗത്യമായിരുന്നു ഇതിലൂടെ നവോത്ഥാനനായകർ ലക്ഷ്യംവെച്ചത്. മുസ്ലിം സ്ത്രീകൾക്ക് വിദ്യാഭ്യാസം ലഭ്യമാക്കുക വഴി അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക മത പഠനത്തിനൊപ്പം ഇംഗ്ലീഷ് ഉൾപ്പെടുന്ന ആധുനികവിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുക, ബഹുഭാര്യാത്വം ഉൾപ്പെടെ മതത്തിനകത്ത് നിലനിൽക്കുന്ന അനാചാരങ്ങളെ ഇല്ലാതാക്കുക തുടങ്ങി നിരവധിയായ ലക്ഷ്യങ്ങൾ ഇതിന്റെ ഭാഗമായിരുന്നു.

### മുസ്ലിംസ്ത്രീകളും നവോത്ഥാനവും

വീടിനകങ്ങളിലായി മാത്രം ജീവിതം മുന്നോട്ടു കൊണ്ടുപോയിരുന്ന അടുക്കളയിൽ മാത്രമായി ജീവിതം തളയ്ക്കപ്പെട്ടിരുന്നവരായിരുന്നു 19-ാംനൂറ്റാണ്ടിലെ കേരളത്തിലെ മുസ്ലിം സ്ത്രീകൾ. പള്ളിക്കൂടത്തിൽ പോകാനോ എഴുത്തു പഠിക്കാനോ സ്വന്തം ജീവിതപങ്കാളിയെ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമോ അവർക്ക് ഉണ്ടായിരുന്നില്ല. മതവിദ്യാഭ്യാസം പോലും നിഷേധിക്കപ്പെട്ടിരുന്ന അവർക്ക് ശൈശവവിവാഹവും തുടർച്ചയായുള്ള വിവാഹമോചനങ്ങളും സ്ത്രീകളുടെ അവസ്ഥ കൂടുതൽ ദയനീയമാക്കിയിരുന്നു. കേരളമുസ്ലിങ്ങൾക്കിടയിൽ മക്തിതങ്ങളിലൂടെയും വക്കംമൗലവിയിലൂടെയും നവോത്ഥാനത്തിന്റെ കാറ്റ് വീശിത്തുടങ്ങിയപ്പോൾ അതിന്റെ അലയൊലികൾ മുസ്ലിംസ്ത്രീകളുടെ ജീവിതത്തെയും പ്രതീക്ഷയുള്ളതാക്കി മാറ്റി. മുസ്ലിം സമൂഹത്തിന്റെ വിശ്വാസ ആചാര അനുഷ്ഠാനങ്ങളിൽ എല്ലാം കടന്നുകൂടിയ ജീർണ്ണതയെ പരിഹരിക്കുന്നതിനൊപ്പം തന്നെ പ്രാധാന്യം സ്ത്രീ സമുദ്ധാരണത്തിനും അവർ നൽകിയിരുന്നു. ഇസ്ലാം സ്ത്രീകൾക്ക് അനുവദിച്ച സ്വാതന്ത്ര്യവും വകവെച്ചുകൊടുത്ത അവകാശങ്ങളും സ്ത്രീകൾക്ക് ലഭ്യമാക്കണം എന്ന് വക്കം മൗലവി, മക്തിതങ്ങൾ തുടങ്ങിയവർ പ്രഭാഷണങ്ങളിലൂടെയും

 ISSN: 2582 - 2594

ലേഖനങ്ങളിലൂടെയും നിരന്തരം സമൂഹത്തെ ബോധവൽക്കരിക്കാൻ ശ്രമിച്ചു. സ്ത്രീകൾക്ക് മത -ഭൗതിക വിദ്യാഭ്യാസം നൽകൽ നിർബന്ധമാണെന്ന് അവർ സമൂഹത്തെ ബോധ്യപ്പെടുത്തി. വക്കം മൗലവി തന്റെ അൽ ഇസ്ലാം മാസികയിൽ (1918) സ്ത്രീശാക്തീകരണത്തിന് വേണ്ടി നിരന്തരം ലേഖനങ്ങൾ എഴുതി. ഇതിന്റെ പ്രതിഫലനമെന്നോണം ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തോടെ ആൺ-പെൺ ഭേദമില്ലാതെ മുസ്ലിം സമുദായം വിദ്യാഭ്യാസം നേടാൻ താല്പര്യം പ്രകടിപ്പിച്ചു തുടങ്ങി. മദ്രസകളിലും പൊതുവിദ്യാലയങ്ങളിലും മുസ്ലിംപെൺകുട്ടികൾ പോകുവാൻ തുടങ്ങി. സമുദായത്തിലെ സ്ത്രീകളുടെ അവസ്ഥയെ മെച്ചപ്പെട്ട രീതിയിലേക്ക് മാറ്റിയെടുക്കാൻ ഇതിലൂടെ സാധിച്ചു.

**എം. ഹലീമാബീവി**

വളരെ സാവധാനത്തിൽ മാത്രം നവോത്ഥാനത്തിന്റെ അലകൾ വീശിക്കൊണ്ടിരുന്ന മുസ്ലിംസമുദായത്തിൽ നിന്നും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഇറങ്ങിവരികയും സമുദായത്തിന്റെ ആകമാനവും വിശേഷിച്ചും സ്ത്രീകളുടെയും കേരളസമൂഹത്തിൽ മൊത്തമായും നവോത്ഥാനത്തിന്റെ ഭാഗമായ വനിതയാണ് എം. ഹലീമാബീവി. 1918ൽ പത്തനംതിട്ടയിലെ അടൂരിൽ ജനനം. വളരെ ചെറുപ്പത്തിലെ പിതാവ് നഷ്ടപ്പെട്ട ഹലീമാ ബീവി മാതാവ് മൈതീൻ ബീവിയുടെ തണലിൽ സഹോദരങ്ങൾക്ക് ഒപ്പം വളർന്നു. പെൺകുട്ടികൾ പ്രത്യേകിച്ച് മുസ്ലിംപെൺകുട്ടികൾ വിദ്യാഭ്യാസം നേടാത്ത ആ കാലത്ത്, ഭൗതിക വിദ്യാഭ്യാസം നേടുന്നത് നിഷിദ്ധമാണെന്ന് പ്രചരിപ്പിക്കാൻ പൗരോഹിത്യം മത്സരിച്ചിരുന്ന ആ കാലത്ത് എല്ലാ പ്രതിഷേധങ്ങളെയും അവഗണിച്ചുകൊണ്ട് മൈതീൻ ബീവി തന്റെ പെൺകുട്ടികളെ വിദ്യാലയങ്ങളിൽ അയക്കുകയും അവർക്ക് അറിവ് നേടാനുള്ള സാഹചര്യം ഒരുക്കുകയും ചെയ്തു. ഉമ്മ നൽകിയ ധൈര്യം കൈമുതലാക്കി ചുറ്റിലും നിരന്തരമായി ഉണ്ടായിരുന്ന പ്രതിഷേധത്തെ അവഗണിച്ചുകൊണ്ട് അവർ ഏഴാംതരം വരെ പഠിച്ചു. അക്കാലത്തെ രീതിയനുസരിച്ച് സ്കൂളുകളിൽ ഭൂരിപക്ഷവും നായർകുട്ടികൾ ആയിരുന്നതുകൊണ്ടുതന്നെ സ്കൂളിനെ ചുറ്റിപ്പറ്റി എൻഎസ്എസിന്റെ ശക്തമായ പ്രവർത്തനം ഉണ്ടായിരുന്നു. എൻഎസ്എസ് പെൺകുട്ടികളുടെ പ്രത്യേക യോഗങ്ങൾ വിളിക്കുകയും കൂട്ടായ്മകൾ രൂപീകരിക്കുകയും ചെയ്യുന്നത് കണ്ട ഹലീമാബീവിയിൽ മുസ്ലിം സ്ത്രീകളുടെ ഉന്നമനത്തിന് ഇത്തരം കൂട്ടായ്മകൾ ആവശ്യമാണെന്ന ചിന്ത അന്നുമുതലേ ഉരുത്തിരിഞ്ഞു. അവരുടെ യോഗനടപടികൾ കണ്ടു മനസ്സിലാക്കാനും ഭാവിയിലേക്ക് അത് കരുതിവെക്കാനും അവർ ശ്രദ്ധിച്ചു. വിദ്യാർത്ഥി ആയിരിക്കുമ്പോൾ തന്നെ ഹലീമാബീവി നല്ല വായനക്കാരിയും സാഹിത്യതൽപരയുമായിരുന്നു. 'അൽമനാർ' വിശേഷാൽപ്രതിയിൽ എഴുതിയ 'അനുഭവങ്ങളിലേക്ക് ഒരു എത്തിനോട്ടം' എന്ന ലേഖനത്തിൽ തിരൂരങ്ങാടിയിലെ 'കെ എം മൗലവിയുടെ' പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ചിരുന്ന 'അൽ മുർശിദ്'' വായിക്കാൻ തനിക്ക് ഭാഗ്യം ഉണ്ടായതായി അവർ പറയുന്നുണ്ട്. ഏതാണ്ട് ഒരു വർഷം നീണ്ടുനിന്ന അൽ മുർശിദിന്റെ വായനയും മനനവും തങ്ങളുടെ കുടുംബങ്ങളിൽ നിലനിന്നിരുന്ന മതാചാരങ്ങൾ നിരർത്ഥകമാണെന്ന ബോധ്യം ഉള്ളിലുറക്കാൻ സഹായിച്ചതായി അവർ പറയുന്നു. വായിക്കുകയും ജ്ഞാനസമ്പാദനത്തിന്റെ അടിസ്ഥാനത്തിൽ ചിന്തിക്കുകയും തീരുമാനിക്കുകയും ചെയ്യുന്ന ഹലീമാബീവി കൗമാരകാലഘട്ടത്തിൽ തന്നെ ഉയിരെടുക്കുന്നുണ്ട് എന്നതാണ് ഇതിൽനിന്നും നമുക്ക് മനസ്സിലാകുന്നത്. ശൈശവവിവാഹം

വ്യാപകമായിരുന്ന ആ കാലത്ത് പതിനേഴാം വയസ്സുവരെ തന്റെ മകളെ അതിൽ നിന്ന് സംരക്ഷിച്ചുനിർത്താൻ മൈതീൻ ബീവിക്ക് സാധിച്ചു. 1935ൽ പതിനേഴാം വയസ്സിൽ കെഎം മുഹമ്മദ് എന്ന പണ്ഡിതൻ അവരെ വിവാഹം കഴിച്ചു. വക്കം മൗലവിയുടെ ശിഷ്യനായിരുന്ന മുഹമ്മദ് മൗലവി എന്നതുകൊണ്ട് തന്നെ നവോത്ഥാനാശയങ്ങൾ ആഴത്തിൽ വേരൂന്നിയിരുന്ന വ്യക്തിത്വം കൂടിയായിരുന്നു അദ്ദേഹം. അറബിപണ്ഡിതൻ, മത സാമൂഹ്യരംഗത്ത് പ്രശസ്തമായിരുന്ന അൻസാരി മാസ്കിയുടെ പത്രാധിപർ, ഖുർആനിന്റെ പരിഭാഷയും വിശദീകരണവും അടങ്ങുന്ന ബൃഹത്ഗ്രന്ഥത്തിന്റെ രചയിതാവ് തുടങ്ങി വ്യത്യസ്തങ്ങളായ പദവികൾ അദ്ദേഹം അലങ്കരിച്ചിരുന്നു. തിരുവല്ല സ്കൂളിൽ അറബി അധ്യാപകനായി ജോലിയിലിരിക്കെ ഹലീമ ബീവിയുടെ സഹോദരനുമായി അദ്ദേഹത്തിനുണ്ടായിരുന്ന സൗഹൃദമാണ് ഈ വിവാഹത്തിലേക്ക് നയിച്ചത്. ഉമ്മയിൽ നിന്നും ലഭിച്ച ചിന്താശേഷിയും സാമാന്യ വിദ്യാഭ്യാസവും വളരെ ഉറച്ച ഒരു വ്യക്തിത്വമാക്കി ഹലീമ ബീവിയെ മാറ്റിയിരുന്നു. വിവാഹാനന്തരം ഹലീമാബീവിക്ക് ഭർത്താവിൽ നിന്ന് പകർന്നു കിട്ടിയ നവോത്ഥാന ആശയങ്ങൾ പിന്നീടുള്ള അവരുടെ ജീവിതത്തെ വലിയരീതിയിൽ സ്വാധീനിച്ചു. കേരളത്തിലെ ആദ്യത്തെ മുസ്ലിംവനിതാപത്രാധിപ, പ്രസാധക, രാഷ്ട്രീയപ്രവർത്തക, കേരളത്തിലെ ആദ്യത്തെ മുൻസിപ്പൽ കൗൺസിലർ തുടങ്ങി അനവധി മേഖലകളിൽ തന്റെ കയ്യൊപ്പ് പതിപ്പിക്കാൻ ഹലീമാ ബീവിക്ക് കഴിഞ്ഞു. അക്കാലത്തെ മുസ്ലിംസ്ത്രീക്ക് നിഷിദ്ധമായി കൽപ്പിക്കപ്പെട്ടിരുന്ന മേഖലകളിലാണ് ഹലീമാബീവി തന്റേതായ അടയാളപ്പെടുത്തലുകൾ നടത്തിയത്.

മുസ്ലിംസ്ത്രീയുടെ ഉന്നമനത്തിനായുള്ള അടങ്ങാത്ത അഭിവാഞ്ഛ സാമ്പത്തികസ്ഥിരത ഇല്ലായ്മയും അലച്ചിലുകളുമാണ് അവർക്ക് സമ്മാനിച്ചത്. 2000 ജനവരി 14 ന് സമാനതകളില്ലാത്ത ആ ജീവിതം അവസാനിക്കുമ്പോൾ കേരളത്തിലെ, മുസ്ലിംസമുദായത്തിലെ വിപ്ലവകരമായ ഒരു ഏട്ട് കൂടിയാണ് അവസാനിച്ചത്.

**പത്ര-മാസികകൾ**

ഏറെ പ്രതികൂലമായ രാഷ്ട്രീയസാഹചര്യത്തിൽ ആണ് പത്രപ്രവർത്തനത്തിലൂടെ എം. ഹലീമാബീവി പൊതുരംഗത്തേക്കെത്തുന്നത്. ഇന്നത്തെ കാലത്തുപോലും സ്ത്രീകൾക്ക് ഏറെ വെല്ലുവിളി നിറഞ്ഞ ഒരു മേഖലയായ മാധ്യമപ്രവർത്തനരംഗത്ത്, മതത്തിനുള്ളിൽ നിന്നും സമൂഹത്തിനുള്ളിൽ നിന്നും നേരിട്ട എതിർപ്പുകളെ അവഗണിച്ചു കൊണ്ടാണ് മുസ്ലിം വനിത, ഭാരത ചന്ദ്രിക, ആധുനിക വനിത എന്നീ പ്രസിദ്ധീകരണങ്ങളുടെ പ്രസാധകയായും പത്രാധിപയായും അവർ നിറഞ്ഞു പ്രവർത്തിച്ചത്. ഖസാക്കിന്റെ ഇതിഹാസം ഉൾപ്പെടെയുള്ള പുസ്തകങ്ങളുടെ നിരൂപണങ്ങൾ, ബഷീറിന്റെ ബാല്യകാലസഖി മുതലായ രചനകളെല്ലാം ഹലീമാബീവിയുടെ പ്രസിദ്ധീകരണങ്ങളിലൂടെയാണ് പുറംലോകത്തേക്ക് എത്തുന്നത്. എന്നിട്ടും പിൽക്കാലത്തെ പത്രപ്രവർത്തനചരിത്രങ്ങളിൽ കേവലം ഒരു പേര് എന്നുള്ള രീതിയിലേക്ക് മാത്രമായി ഹലീമാബീവി ഒതുക്കപ്പെട്ടു. അവരുടെ പ്രസിദ്ധീകരണങ്ങളുടെയോ അവയുടെ ഉള്ളടക്കത്തിന്റെയോ ഒന്നും തന്നെ കൃത്യമായ വിവരങ്ങളോ രേഖപ്പെടുത്തലുകളോ നമുക്ക് കാണാൻ സാധ്യമല്ല. 1938ൽ തന്റെ ഇരുപതാമത്തെ വയസ്സിലാണ് ഹലീമാബീവി മുസ്ലിം വനിത എന്ന മാസികയിലൂടെ പ്രസാധന രംഗത്തേക്കും പത്രപ്രവർത്തന രംഗത്തേക്കും കടക്കുന്നത്. ഏറെ അപകടകരമായ

 ISSN: 2582 - 2594

ഈ വഴിയിൽ തന്റെ നിശ്ചയദാർഢ്യം മാത്രം കൈമുതലാക്കിക്കൊണ്ടാണ് മുസ്ലിം വനിത, വനിത, ഭാരതചന്ദ്രിക, ആധുനിക വനിത എന്നീ പ്രസിദ്ധീകരണങ്ങൾ വായനാലോകത്തിനു സമ്മാനിച്ചത്. ഒരേസമയം മതവും രാഷ്ട്രീയവും സിനിമയും ദൈനംദിനജീവിതവും കലകളും എല്ലാം അവരുടെ പ്രസിദ്ധീകരണങ്ങളിൽ ചർച്ചചെയ്യപ്പെട്ടു.

1938 ൽ പുറത്തിറങ്ങിയ ആദ്യ മാസികയായ മുസ്ലിംവനിതക്കു പിന്നിൽ ജീവിതപങ്കാളിയായ മുഹമ്മദ് മൗലവിയുടെ സ്വാധീനവും പിന്തുണയും ഉണ്ടായിരുന്നു. മുസ്ലിംവനിതയുടെ മാനേജിങ് എഡിറ്റർ സ്ഥാനത്തായിരുന്നു ഹലീമാ ബീവി. മുസ്ലിംസ്ത്രീകളുടെ ഉന്നമനം ലക്ഷ്യം വെച്ചുള്ള പ്രസിദ്ധീകരണങ്ങൾ അക്കാലത്തുണ്ടായിരുന്നില്ല. മുസ്ലിംവനിത പ്രധാനമായും മുസ്ലിം സ്ത്രീയുടെ അക്കാലത്തെ സ്ഥിതിഗതികൾ അവലോകനം ചെയ്യുകയും അവരുടെ മത സാമൂഹിക പുരോഗതിയുടെ ആവശ്യകതയെക്കുറിച്ചു നിരന്തരം സംസാരിക്കുകയും വാദിക്കുകയും ചെയ്തു എന്ന് ഹലീമാബീവിയുടെ ജീവചരിത്രത്തിൽ പറയുന്നുണ്ട്. എന്നാൽ കടുത്ത സാമ്പത്തിക പ്രയാസത്തെ തുടർന്ന് മാസികയുടെ പ്രസിദ്ധീകരണം നിർത്തിവെക്കാൻ അവർ നിർബന്ധിതരായി.

1944 ൽ ഭാരതചന്ദ്രിക എന്ന മാസികയിലൂടെ വീണ്ടും ഹലീമാബീവി പ്രസാധന രംഗത്തേക്ക് കടന്നുവന്നു. സാഹിത്യത്തിന് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ടുള്ള ഈ ആഴ്ചപ്പതിപ്പിന്റെ പത്രാധിപ സമിതിയിൽ വൈക്കം മുഹമ്മദ്ബഷീറും വക്കം അബ്ദുൾഖാദർ മൗലവിയും വെട്ടൂർ രാമൻനായരും സബ് എഡിറ്റർമാരായി പ്രവർത്തിച്ചു. തകഴി, ജി ശങ്കരക്കുറുപ്പ്, എം പി അപ്പൻ, പി കേശവദേവ്, പി കുഞ്ഞിരാമൻ നായർ, പുളിമാന, ഒ എൻ വി കുറുപ്പ്, ഉറൂബ് നായർ, ബാലാമണിയമ്മ തുടങ്ങി നിരവധി പ്രമുഖർ ഭാരതചന്ദ്രികയിൽ സ്ഥിരമായി എഴുതിയിരുന്നു. ഭാരതചന്ദ്രികയും കടുത്ത സാമ്പത്തികപ്രതിസന്ധി നേരിട്ടപ്പോൾ, മൂന്നു വയസ്സായ മകളെയും എടുത്ത് ഉമ്മയായ മൈതീൻബീവിയുടെ കൂടെ സാമ്പത്തിക സഹായത്തിനായി ദീർഘദൂരം നടന്ന് സംഭാവന പിരിച്ച ഓർമകൾ മകളായ അൻസാർ ബീഗം പങ്കുവെക്കുന്നത് ജീവചരിത്രത്തിൽ നമുക്ക് കാണാം. 1948 ൽ വാരിക ദിനപത്രമാക്കി. തിരുവിതാംകൂറിൽ ദിവാൻ സർ സി പിയുടെ കിരാതഭരണം നടന്നുകൊണ്ടിരുന്ന ഈ സമയത്തു രൂക്ഷമായ ഭാഷയിൽ തന്നെ സർക്കാരിനെ വിമർശിക്കാൻ ഹലീമാബീവി തന്റെ പത്രത്തെ ഉപയോഗിച്ചു. സർക്കാരിന്റെ ഭാഗത്തുനിന്നും ഭീഷണികളും പ്രലോഭനങ്ങളുമുണ്ടായി. തനിക്കനുകൂലമായ ലേഖനങ്ങൾ എഴുതിയാൽ ജപ്പാനിൽ നിന്ന് ആധുനിക പ്രിന്റിങ് മെഷീനുകൾ എത്തിച്ചുകൊടുക്കാമെന്ന് സർ സി പി വാഗ്ദാനം ചെയ്തു. എന്നാൽ ബീവി അത് നിരസിച്ചു. തുടർന്ന് സ്വന്തമായി ഒരു പ്രസ്സ് വാങ്ങാനുള്ള ശ്രമങ്ങൾ നടത്തുകയും വാങ്ങുകയും ചെയ്തു. മലയാള മനോരമ കണ്ടുകെട്ടിയപ്പോൾ കെ സി മാമൻ മാപ്പിളക്കു വേണ്ടി ലഘുലേഖകൾ അടിച്ചുകൊടുത്തത് ഈ പ്രസ്സിൽ നിന്നായിരുന്നു. 1949 ൽ ഭാരതചന്ദ്രിക പ്രസ്സ് കമ്പനിയാക്കി പ്രവർത്തനം തുടരാനുള്ള ശ്രമമുണ്ടായി. എന്നാൽ അതുകൊണ്ടും ഭാരതചന്ദ്രികയെ രക്ഷിക്കാനായില്ല. 1952ൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് പത്രം അടച്ചുപൂട്ടി.

ഭാരതചന്ദ്രികക്ക് സമാന്തരമായി പ്രസിദ്ധീകരിച്ചുവന്നിരുന്ന മാസികയാണ് വനിത. മുസ്ലിം വനിതയുടെ തുടർച്ചയെന്നോണമായിരുന്നു ഇതെങ്കിലും ഉള്ളടക്കത്തിന്റെ കാര്യത്തിൽ വലിയ വ്യത്യാസം ഇവതമ്മിൽ ഉണ്ടായിരുന്നു. വനിതയിൽ സാഹിത്യം, സ്ത്രീജീവിതം, കുടുംബം,

ലോകവിശേഷങ്ങൾ, കഥകൾ തുടങ്ങി വൈവിധ്യമാർന്ന ഉള്ളടക്കങ്ങളുണ്ടായിരുന്നു. ചെറുകഥകൾക്ക് കൂടുതൽ പ്രാധാന്യം നൽകിയിരുന്ന മാസികയിൽ എസ് കെ പൊറ്റക്കാട്, കെ സരസ്വതിയമ്മ, തങ്കമ്മ വർഗീസ്, ജി ബാലകൃഷ്ണപിള്ള തുടങ്ങിയ ധാരാളം എഴുത്തുകാർ എഴുതിയിരുന്നു.

1970 ൽ തന്റെ അൻപത്തിരണ്ടാമത്തെ വയസ്സിൽ ആണ് ആധുനിക വനിത എന്ന നാലാമത്തെ മാസിക അവർ പ്രസിദ്ധീകരിക്കുന്നത്. മാനേജിങ് എഡിറ്റർ ആയ ഹലീമാബീവിക്കു പുറമെ ഫിലോമിന കുര്യൻ, ബേബി വർഗീസ്, ബി സുധ, കെ കെ കമലാക്ഷി, എം റഹ്മാബീഗം, സാറാമ്മ കുര്യൻ, ബി സ് ശാന്തകുമാരി എന്നീ ഉന്നതവിദ്യാഭ്യാസം നേടിയ സ്ത്രീകൾ കൂടി പത്രാധിപസമിതിയിൽ ഉണ്ടായിരുന്നു. കേരളത്തിലെ സ്ത്രീകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യാനാണ് ആധുനിക വനിത ശ്രമിച്ചിരുന്നത്. ലേഖനങ്ങൾ, കവിതകൾ, കഥകൾ, സിനിമാ ആസ്വാദനം എന്നിവക്കുപുറമെ ഖസാക്കിന്റെ ഇതിഹാസം ഉൾപ്പെടെയുള്ള പുസ്തകങ്ങളുടെ നിരൂപണങ്ങളും മിക്ക ലക്കങ്ങളിലും ഉൾപ്പെടുത്തിയിരുന്നു. മുൻപത്തെ മാസികകളെ പോലെ തന്നെ കടുത്ത സാമ്പത്തികപ്രതിസന്ധിയെ തുടർന്ന് ഇതും അവസാനിപ്പിക്കേണ്ടി വന്നു.

സാമ്പത്തികമായി ഏറെ പ്രതിരോധത്തിൽ ആയിരുന്നിട്ട് കൂടി തന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ വീടുവീടാന്തരം കയറിയിറങ്ങി ധനസമാഹരണം നടത്തിയതിലൂടെ നമുക്ക് വ്യക്തമാകുന്നത് ജോലിയോടുള്ള അവരുടെ ആത്മാർത്ഥതയും സമൂഹത്തിന്റെ ഗുണപരമായ മാറ്റത്തിനായുള്ള അടങ്ങാത്ത ആഗ്രഹവുമാണ്.

പത്രമാസികകൾ കൂടാതെ ഭാരതചന്ദ്രിക എന്ന പേരിൽ ഒരു ബുക്ക്സ്റ്റാളും 1963 ൽ ആസാദ് മെമ്മോറിയൽ എന്ന പേരിൽ ഒരു പ്രസ്സും അവർ നടത്തിയിരുന്നു.

പത്രപ്രവർത്തനത്തിനും പ്രസാധനത്തിനും പുറമേ വനിതാസമ്മേളനങ്ങൾ, പ്രഭാഷണങ്ങൾ, രാഷ്ട്രീയപ്രവർത്തനങ്ങൾ, ഫീൽഡ്‌വർക്കുകൾ തുടങ്ങി നിരവധിയായ പ്രവർത്തനങ്ങളിൽ അവർ ഏർപ്പെട്ടിരുന്നു എന്ന് ജീവചരിത്രം എഴുതിയ നൂറ നൂർജഹാൻ എന്നിവർ രേഖപ്പെടുത്തുന്നുണ്ട്.

ഭർത്താവ് മുഹമ്മദ് മൗലവിയും അദ്ദേഹത്തിന്റെ ഗുരുവായ വക്കം മൗലവിയുമാണ് ഹലീമാബീവിയുടെ യൗവനത്തിൽ ഏറെ സ്വാധീനം ചെലുത്തിയ വ്യക്തിത്വങ്ങൾ. അക്കാലത്ത് നിലനിന്നിരുന്ന മത സാമൂഹിക സാംസ്കാരിക സാഹചര്യങ്ങളിൽ തികച്ചും സ്ത്രീപക്ഷമായ ആശയപരിസരം സ്ത്രീ വിദ്യാഭ്യാസം ഉൾപ്പെടെയുള്ള കാര്യങ്ങളെ പ്രോത്സാഹിപ്പിച്ചു കൊണ്ട് ഉണ്ടാക്കിയെടുത്തു വക്കം മൗലവി. ഇത് തന്റെ പ്രവർത്തനങ്ങളെ ഏറെ സ്വാധീനിച്ചതായി ഹലീമാബീവി രേഖപ്പെടുത്തിയിട്ടുണ്ട്. മുസ്ലിംനവോത്ഥാനം അഥവാ മുസ്ലിം സ്ത്രീകളുടെ മത ഭൗതിക സാമൂഹിക ഉന്നമനം ആയിരുന്നു അവരുടെ എഴുത്തുകളുടെ പ്രതിപാദ്യ വിഷയങ്ങളിൽ മുഖ്യമായിട്ടുണ്ടായിരുന്നത്. കേരളത്തിൽ ആദ്യമായി ഒരു മുസ്ലിം വനിതാ സമ്മേളനം നടക്കുന്നത് 1938ൽ ഹലീമാബീവിയുടെ നേതൃത്വത്തിലാണ്. ആദ്യത്തെ വനിതാപ്രസാധക എന്നപോലെ തിരുവിതാംകൂറിലെ ആദ്യത്തെ വനിതാമുനിസിപ്പൽകൗൺസിലർ കൂടിയാണ് അവർ. തിരുവിതാംകൂറിലെ ഉത്തരവാദ പ്രക്ഷോഭത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിക്കുന്ന ആദ്യ


ISSN: 2582 - 2594

മുസ്ലിംവനിതയും അവരായിരുന്നു. രാഷ്ട്രീയമായി കോൺഗ്രസുകാരിയായിരുന്ന അവർ കമ്മ്യൂണിസ്റ്റ് പാർട്ടിക്കെതിരെ വിമോചന സമരത്തിൽ സജീവമായി പങ്കെടുത്തിരുന്നു.

വളരെ സജീവമായ ഒരു രാഷ്ട്രീയജീവിതം കൂടിയായിരുന്നിട്ട് കൂടി കേരളത്തിന്റെ സാമൂഹിക ചരിത്രത്തിൽ എവിടെയും ഹലീമാബീവിയുടെ പേരോ പ്രവർത്തനമോ പരാമർശിച്ച് കാണുന്നില്ല.

**ഹലീമാബീവിയെ കുറിച്ചുള്ള രേഖപ്പെടുത്തലുകൾ**

കേരളത്തിലെ മുഖ്യധാരാ ചരിത്രങ്ങളിലോ കൃതികളിലോ ഹലീമാബീവിയുടെയോ അവരുടെ ജീവിതത്തിന്റെ രേഖപ്പെടുത്തലുകൾ കാണാൻ നമുക്ക് സാധ്യമല്ല. കേരളപത്രപ്രവർത്തന ചരിത്രത്തിലും മാധ്യമചരിത്രത്തിലും കേവലം ഒരു പേരിനപ്പുറത്തേക്ക് യാതൊരു വിധത്തിലുള്ള വിവരങ്ങളോ രേഖപ്പെടുത്തലുകളോ ഹലീമാ ബീവിയെ സംബന്ധിച്ച് കാണാൻ നമുക്ക് സാധ്യമല്ല. എന്നാൽ സമകാലികമായി നമ്മുടെ ചരിത്രരചനയിലും സാമൂഹികബോധത്തിലും വന്നിട്ടുള്ള ചില പുതിയ പ്രവണതകൾ ആണ് ഹലീമാ ബീവി ഉൾപ്പെടെ തമസ്കരിക്കപ്പെട്ടു പോയിട്ടുള്ള ചരിത്രത്തിന്റെ ഏടുകളെ കണ്ടെത്താനുള്ള ശ്രമങ്ങൾക്ക് തുടക്കംകുറിക്കുന്നത്. ചരിത്രത്തിൽ തന്നെ പുനർവായനകളും കീഴാള സ്ത്രീപക്ഷ ചരിത്രവായനകളും സജീവമായി ഉണർന്നു വരികയുണ്ടായ ഈ കാലത്ത് മുസ്ലിംസ്ത്രീയുടെ ചരിത്രവും ഇടപെടലുകളും അർഹമായ പ്രാധാന്യത്തോടെ അവതരിപ്പിക്കപ്പെടുന്ന ചരിത്രവായനകളും പുനരാഖ്യാനങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട് എന്നുള്ളിടത്താണ് ഹലീമ ബീവിയുടെ ജീവചരിത്രം പ്രസക്തമാകുന്നത്. മലപ്പുറം ജില്ലയിലെ ഇരിങ്ങല്ലൂർ സ്വദേശി നൂറ, മലപ്പുറം ജില്ലയിലെ തന്നെ അരീക്കോട് സ്വദേശി നൂർജഹാൻ എന്നീ സ്ത്രീകൾ നടത്തിയ ദൂർഘടം നിറഞ്ഞ നിരന്തരമായ യാത്രകളാണ് ഹലീമാ ബീവി എന്ന പേര് കേരളചരിത്രത്തിലേക്ക് തിരിച്ചുകൊണ്ടുവന്നതും അത് ചർച്ച ആക്കിയതും. എം ഹലീമാബീവിയുടെ ജീവിതം പത്രാധിപ എന്ന പേരിൽ അവർ ജീവചരിത്രമാക്കി. ഹലീമാബീവിയുടെ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക വൈയക്തിക ജീവിതത്തെ കുറിച്ചുള്ള കൃത്യമായ വിവരണം വ്യക്തവും സുതാര്യവുമായ തെളിവുകളുടെ അടിസ്ഥാനത്തിൽ നടത്തുന്ന കൃതിയാണ് പത്രാധിപ. അന്വേഷണത്തിന്റെ ഓരോ ഘട്ടത്തിലും അവർ നേരിട്ട അതിശയകരമായ വെല്ലുവിളികളെ കുറിച്ച് പുസ്തകത്തിന്റെ ആദ്യത്തിൽ പ്രതിപാദിക്കുന്നുണ്ട്. ഇതിൽനിന്ന് തന്നെ എത്രത്തോളം ശ്രമകരമായിരുന്നു ആ യാത്ര എന്ന് നമുക്ക് മനസ്സിലാക്കാം. നവമാധ്യമങ്ങൾ സജീവമായ ഈ കാലത്ത് ചില ഓൺലൈൻ എഴുത്തുകളിൽ ആണ് പിന്നീട് കൂടുതലായി ഹലീമാബീവിയെ കുറിച്ചുള്ള രേഖപ്പെടുത്തലുകൾ കാണുന്നത്. എം ഹലീമ ബീവി മുമ്പേ നടന്ന പോരാളി എന്ന പേരിൽ 2019 ൽ മാധ്യമത്തിലും, തിരുക്കൊച്ചിയിലെ മുസ്ലിം മഹതികൾ/എം ഹലീമാ ബീവി/അക്ഷരങ്ങളിൽ അഗ്നി കൊളുത്തിയ സാമൂഹിക പ്രവർത്തക എന്ന തലക്കെട്ടിൽ പ്രബോധനം വാരികയിൽ സദറുദീൻ വാഴക്കാട് എഴുതിയ ഫീച്ചറിലും, കേരളവുമൺ എന്ന ഓൺലൈൻ പോർട്ടലിൽ ഹലീമാബീവി മുൻപേ നടന്ന പോരാളിയായ വനിത എന്ന പേരിലും, woke മലയാളം ജേർണലിൽ ഹലീമാബീവി : സർ സിപിയെ വിമർശിച്ച മുസ്ലിംവനിത എന്ന പേരിലും ഹലീമാ ബീവിയെ കുറിച്ചുള്ള ലേഖനങ്ങൾ നമുക്ക് കാണാൻ കഴിയും. ഇതെല്ലാം തന്നെ സമകാലികമായ ചരിത്രത്തിന്റെ വീണ്ടെടുപ്പുകളുടെ കൂട്ടത്തിൽ ഉൾപ്പെടുത്താൻ കഴിയുന്നതാണ്.

**നിഗമനങ്ങൾ**

ഒരേസമയം മുസ്ലിംസമുദായത്തിന്റെയും, സ്ത്രീകളുടെയും കേരളത്തിന്റെ പൊതുസമൂഹത്തിന്റെയും പുരോഗതി ലക്ഷ്യമാക്കിയായിരുന്നു ഹലീമാബീവിയുടെ പ്രവർത്തനങ്ങൾ. ഏറ്റവും സാധാരണക്കാരന്റെ ഭാഷയിൽ എഴുതുകയും സംവദിക്കുകയും ചെയ്യുന്ന ലേഖനങ്ങൾ ആണ് ഹലീമാബീവിയുടെ എഴുത്ത് ജീവിതത്തിന്റെ പ്രത്യേകത. സവർണ്ണ മലയാളത്തിന്റെ സംഗീതങ്ങളും ചേരുവകളും ഹലീമാബീവിയുടെ എഴുത്തുകളിൽ വിരളമായിരുന്നു. മതപഠനങ്ങളും മതപാഠശാലകളും മലയാളത്തിലായിക്കൂടാ എന്ന് ശഠിച്ചിരുന്ന മുസ്ലിംപണ്ഡിതരും അവരുടെ നിർദ്ദേശങ്ങൾക്ക് അനുസരിച്ച് ജീവിതം ചിട്ടപ്പെടുത്തിയ ഭൂരിപക്ഷ മുസ്ലിം സമൂഹത്തെയുമാണ് അവർ എഴുത്തിലൂടെ ലക്ഷ്യംവെച്ചത്. അതുകൊണ്ടാണ് ഏറ്റവും സാധാരണക്കാരന്റെ ഭാഷ എഴുത്തിനായി അവർ സ്വീകരിച്ചത്. എന്നാൽ ക്ലാസിക്കൽ ഗദ്യസാഹിത്യത്തിന്റെ നടപ്പുശീലങ്ങളിൽ നിന്ന് മാറി സഞ്ചരിച്ചതിനാൽ മുഖ്യധാരാസാഹിത്യ മാധ്യമപ്രവർത്തനചരിത്രത്തിൽ ഹലീമാബീവി വേണ്ടത്ര പരിഗണിക്കപ്പെട്ടില്ല.

ബഹുസ്വരമായിരുന്ന അവരുടെ പ്രസിദ്ധീകരണങ്ങളുടെ സ്വഭാവം എന്നിരിക്കെ മുസ്ലിം പുരോഗതിയും പ്രധാന ലക്ഷ്യമായി പരിഗണിച്ചിരുന്നു. പ്രസിദ്ധീകരണങ്ങളിൽ ഒരേസമയം മതവും ശാസ്ത്രവും രാഷ്ട്രീയവും ലളിതകലകളും നിത്യജീവിതവും സിനിമയും എല്ലാം ചർച്ച ചെയ്യപ്പെട്ടത് ഇതിന്റെ തെളിവാണ്. സ്ത്രീമുന്നേറ്റ പ്രസ്ഥാനങ്ങൾക്ക് കേരളസമൂഹത്തിൽ വേരോട്ടം ലഭിക്കുന്നതിന് മുൻപ് തന്നെ സാമൂഹികമണ്ഡലത്തിൽ കർമ്മനിരതയായി നിറഞ്ഞുനിന്ന ഒരു സ്ത്രീയുടെ സാന്നിധ്യം ചരിത്രരചയിതാക്കളുടെ ശ്രദ്ധയിൽ പെടാതെ പോയത് മുസ്ലിം സ്ത്രീ എന്ന ഇരട്ടപ്രാന്തവൽക്കരണത്തിന് ഹലീമാബീവി വിധേയയായതുകൊണ്ടാണ്. മലയാളസാഹിത്യലോകത്തെ അതികായന്മാർ എല്ലാവരും സ്ഥിരമായി എഴുതിയിരുന്ന പ്രസിദ്ധീകരണങ്ങൾ ആയിരുന്നിട്ട് കൂടി പിൽക്കാലചരിത്രം ഹലീമാബീവിയെയും അവരുടെ പ്രസിദ്ധീകരണങ്ങളെയും വിസ്മൃതിയിലേക്ക് തള്ളുന്നതാണ് നാം കാണുന്നത്. ഹലീമാബീവി ചരിത്രത്തിൽ വിസ്മരിക്കപ്പെടുമ്പോൾ അതിന് രണ്ട് പ്രധാന കാരണങ്ങളാണ് നമുക്ക് കണ്ടെത്താനാവുന്നത്. ഒന്ന് അവരുടെ മതവും മറ്റൊന്ന് അവരുടെ ലിംഗവും. ഒരു മുസ്ലിം ആയതിനാൽ ഉണ്ടായ തമസ്കരണവും സ്ത്രീ ആണെന്നതിലൂടെ നേരിടേണ്ടി വന്ന പ്രാന്തവത്കരണവും ആണ് ഹലീമാ ബീവിയെ ചരിത്രത്തിൽ നിന്നും മറച്ചുപിടിക്കാൻ കാരണമായത്. എഴുത്തും വായനയും വരേണ്യമായിരുന്ന ഒരു കാലഘട്ടത്തിൽ തീർത്തും വിപ്ലവകരമായി അതിനെ സാമാന്യവൽക്കരിക്കാൻ മുന്നോട്ട് ഇറങ്ങിയ ഒരു സ്ത്രീയെ അടയാളപ്പെടുത്താതെ പോവുക എന്നത് അതിശയകരമായ ഒന്നല്ല. നമ്മുടെ ചരിത്രം എപ്പോഴും നിഷ്പക്ഷമല്ലെന്നും അതിൽ ഭീകരമാംവിധം തിരുത്തലുകളും വർഗ്ഗധ്രുവീകരണവും എല്ലാം സംഭവിക്കുന്നുണ്ട് എന്നും ഉള്ള ഓർമ്മപ്പെടുത്തൽ കൂടിയാണ് ഇത്. മുൻപ് സൂചിപ്പിച്ച നവോത്ഥാന നായികമാരുടെ ചുരുക്കം വരുന്ന പേരുകളിൽ ഒന്നായി പോലും ഹലീമാബീവിയുടെയോ മറ്റു മുസ്ലിം സ്ത്രീകളുടെയോ പേരുകൾ ഇല്ലാതെയായത് ഇതിന്റെ കൃത്യമായ ഉദാഹരണമാണ്. മുസ്ലിംസ്ത്രീയുടെ ചരിത്രം എഴുതുന്നതിൽ കേരളചരിത്രഗവേഷകർ പ്രക്രിയാപരമായി തന്നെ വീഴ്ചകൾ വരുത്തിയിട്ടുണ്ട് എന്ന് ഡോക്ടർ കെ ടി ഷംഷാദ് ഹുസൈൻ ചൂണ്ടിക്കാണിക്കുന്നുണ്ട്.


ISSN: 2582 - 2594

ചരിത്രരേഖകൾ പുരുഷവീക്ഷണങ്ങളുടെ മാത്രം ആലേഖനങ്ങൾ ആയി പരിമിതപ്പെടുകയും സ്ത്രീജീവിതങ്ങളുടെ ഇടപെടലുകളുടെയും മൂല്യം തുലോം തുച്ഛവുമായി രേഖപ്പെടുത്തേണ്ടതില്ലാത്ത വിധം അപ്രസക്തവുമായിട്ടാണ് നമ്മളുടെ ചരിത്രം പരിഗണിച്ചിരുന്നത് എന്നും ഇത് വ്യക്തമാക്കുന്നുണ്ട്. അങ്ങനെയാണ് സമൂഹത്തിൽ ചരിത്രമില്ലാത്തവരായി സ്ത്രീകൾ മാറുന്നതും അതിന്റെ പ്രതിനിധിയെന്നോണം ഹലീമാബീവി മാറ്റപ്പെടുന്നതും.

## ഗ്രന്ഥസൂചി


1. അൽത്താഫ്.കെ.എം, 2015 ഏപ്രിൽ, നവോത്ഥാന സംസ്കൃതിയുടെ 'സ്പീക്കർ' സീതിസാഹിബ്, ഒലിവ് പബ്ലിക്കേഷൻസ്.
2. കാരശ്ശേരി എം.എൻ, 2010, ഇസ്ലാമികരാഷ്ട്രീയം വിമർശിക്കപ്പെടുന്നു, മാതൃഭൂമി ബുക്സ്.
3. ഗോപാലകൃഷ്ണൻ പി.കെ, 2019,ഡിസംബർ, കേരളത്തിന്റെ സാംസ്കാരികചരിത്രം, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്.
4. നൂറ, നൂർ ജഹാൻ, 2020, എം. ഹലീമാബീവിയുടെ ജീവിതം പത്രാധിപ, ബുക്ക് കഫേ.
5. രാഘവൻപുതുപ്പള്ളി, 1985, കേരള പത്രപ്രവർത്തനചരിത്രം, കേരളസാഹിത്യ അക്കാദമി
6. നവോത്ഥാനത്തിലെ സ്ത്രീ മുന്നേറ്റങ്ങൾ, സാക്ഷരതാമിഷൻ, കേരള സർക്കാർ.

## ലേഖനങ്ങൾ

1. എം ഹലീമ ബീവി മുൻപേ നടന്ന പോരാളി, 2019, മാധ്യമം
2. സദറുദ്ദീൻവാഴക്കാട്, തിരുകൊച്ചിയിലെ മുസ്ലിം മഹതികൾ / എം. ഹലീമാബീവി /അക്ഷരങ്ങളിൽ അഗ്നി കൊളുത്തിയ സാമൂഹിക പ്രവർത്തക, പ്രബോധനം വാരിക.

## ഓൺലൈൻ പോർട്ടലുകൾ

കേരള വിമൺ

woke മലയാളം ജേർണൽ